പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3034 | 22.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി.അയിഷാപോറ്റി** | **ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം എന്നു മുതലാണ് വിതരണം ചെയ്യുന്നത്; | (എ) 2016 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000/- രൂപയായും ഹെൽപ്പർമാരുടേത് 7,000/- രൂപയായും വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) അംഗൻവാടി വർക്കർമാരുടെ ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) അങ്കണവാടി വർക്കർമാരുടെ ജോലി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഓണറേറിയം വർദ്ധനവിനോടൊപ്പം അംഗൻവാടി വർക്കർമാർക്ക് അധിക ചുമതലകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) വേതന വർദ്ധനവിനോടൊപ്പം അധിക ചുമതല നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അംഗൻവാടി പ്രവർത്തകരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ പല നേട്ടങ്ങളും കൈവരിച്ചിരിക്കുകയാണല്ലോ. ഇതിൽ നല്ലൊരു പങ്ക് വഹിക്കാൻ സംയോജിത ശിശുവികസനപദ്ധതിക്ക് സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അംഗൻവാടി പ്രവർത്തകർ മുതൽ ജില്ലാതല പ്രോഗ്രാം ഓഫീസർ വരെ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. അതിന് ഇവരിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെ സംബന്ധിച്ചുള്ള തിരിച്ചറിവ് ആവശ്യവുമാണ്. പദ്ധതി നിലവിൽ വന്ന ആദ്യഘട്ടത്തിൽ തന്നെ പ്രവർത്തകരുടെ ചുമതലകളെ സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വികേന്ദ്രീകരണാസൂത്രണം നിലവിൽ വന്നതോടെ സൂപ്പർവൈസർ മുതൽ ജില്ലാ പ്രോഗ്രാം ഓഫീസർമാർ വരെയുള്ളവരുടെ ചുമതലകളിൽ പല മാറ്റങ്ങളും ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൻവാടി വർക്കർ/ഹെൽപ്പർ മുതൽ ജില്ലാതല പ്രോഗ്രാം ഓഫീസർമാർ വരെ ഓരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും താഴെ പറയുന്നു:

### അംഗൻവാടി വർക്കർ

ശിശുവികസന സേവന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന്റെ മുഖ്യകണ്ണിയാണ് അംഗൻവാടി വർക്കർ. അംഗൻവാടി പ്രവർത്തകർ അംഗൻവാടി പ്രവർത്തിക്കുന്ന വാർഡിൽ/പഞ്ചായത്തിൽപ്പെട്ടവരായിരിക്കണം.

- അംഗൻവാടി നിലനിൽക്കുന്ന ഏരിയായുടെ സമഗ്ര സർവ്വേയും ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കലും.
- അംഗൻവാടി പരിധിയിൽ വരുന്ന 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, വൃദ്ധജനങ്ങൾ, വൈകല്യമുള്ളവർ എന്നിവരുടെ എണ്ണം, കുടുംബാംഗങ്ങളുടെ എണ്ണം, കുടുംബാംഗങ്ങൾ, വരുമാനം, ജനനം, മരണം (പ്രത്യേകിച്ച് ശിശുമരണവും, മാതൃമരണവും) പ്രതിരോധ കുത്തിവയ്പ് മുതലായവയെ സംബന്ധിച്ച് വ്യക്തമായും കൃത്യമായും ഉള്ള വിവരങ്ങൾ ശേഖരിക്കൽ.
- ഗുണഭോക്താക്കളുടെ പോഷകാഹാരത്തിന്റെ കാലേകൂട്ടിയുള്ള സംഭരണവും വിതരണവും.
- സ്ത്രീകൾക്കുള്ള ആരോഗ്യ പോഷണ വിദ്യാഭ്യാസം.
- 3-6 വയസ്സ് വരെയുള്ള കുട്ടികൾക്ക് തീം അനുസരിച്ച് മുൻകൂട്ടി പ്രീ സ്കൂൾ ആസൂത്രണം ചെയ്തുള്ള വിദ്യാഭ്യാസം നടപ്പിലാക്കണം.
- 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രാഥമിക സംരക്ഷണവും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും.

അധിക ചുമതലകൾ

- ഫീൽഡ് പബ്ളിസിറ്റിയ്ക്ക് വേണ്ട സഹായ സഹകരണങ്ങൾ ചെയ്യണം.
- ഓരോ കുട്ടിയുടെയും വളർച്ചയെ സംബന്ധിച്ച വിവരം യഥാസമയത്ത് സൂപ്പർവൈസർക്ക് കമ്മ്യൂണിറ്റി ഗ്രോത്ത് ചാർട്ട് തയ്യാറാക്കാനായി നൽകണം.
- കൗമാരപ്രായക്കാരായ പെൺകുട്ടികളെ അംഗൻവാടി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം.
- പുതിയ പദ്ധതികൾ സ്വീകരിക്കുന്നതിനായി സമൂഹത്തെ പ്രാപ്തരാക്കണം.
- കുടുംബശ്രീ/സ്വാശ്രയസംഘം/ഐ.ഡബ്ള്യൂ.ഇ.പി/ഐ.എം.വൈ. എന്നിവയുടെ സംഘാടനത്തിലും പ്രവർത്തനത്തിലും പങ്കാളികളാക്കണം.
- ബാലികാസമൃദ്ധിയോജന പദ്ധതിയുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതിനാവശ്യമായ അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് കൊടുക്കണം.
- അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സെന്ററുകളിൽ അത് ലഭ്യമാകുന്നതിന് വേണ്ടി പരിശ്രമങ്ങൾ നടത്തണം.
- സ്ഥലത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപകരുമായിസഹകരിച്ച് പ്രവർത്തിക്കണം.
- പ്രീസ്കൂൾ പഠനം പൂർത്തിയാക്കിയ കുട്ടികൾ യഥാസമയം പ്രൈമറി സ്കൂളിൽ എത്തിയെന്ന് ഉറപ്പുവരുത്തണം.
- അവകാശങ്ങൾ നിഷേധിക്കപ്പെട്ട കുട്ടികളെ കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തണം.
- വൈദ്യുതി/പൈപ്പ് കണക്ഷൻ ഉള്ള അംഗൻവാടികളിൽ യഥാസമയം വൈദ്യുതി ചാർജ്ജ് / വാട്ടർ ചാർജ്ജ് അടയ്ക്കണം. (ഇതിലേയ്ക്കാവശ്യമായ തുക ഗ്രാമപഞ്ചായത്തിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ സമാഹരിക്കുക)

<u>അംഗൻവാടി ഹെൽപ്പർ</u>

- ☐ അംഗൻവാടിയും പരിസരവും ദിവസവും വൃത്തിയാക്കണം.
- ☐ അംഗൻവാടിയിൽ വരുന്ന കുട്ടികളിൽ വ്യക്തിശുചിത്വത്തിലും കക്കൂസ് ഉപയോഗിക്കുന്നതിനും പരിശീലനം നൽകണം.
- ☐ ഭക്ഷണം പാകം ചെയ്യുമ്പോഴും വിതരണം ചെയ്യുമ്പോഴും ശുചിത്വം പാലിക്കണം.
- ☐ ആവശ്യമായ സന്ദർഭങ്ങളിൽ കുട്ടികളെ അംഗൻവാടിയിൽ എത്തിക്കണം.

അംഗൻവാടി ഹെൽപ്പർ താഴെ പറയുന്നവയിൽ നൈപുണ്യം വളർത്തിയെടുക്കേണ്ടതാണ്.

- ആരോഗ്യ പരിശോധന, കുട്ടികളുടെ തൂക്ക നിർണ്ണയം, പ്രതിരോധ കുത്തി വയ്പ് എന്നീ സേവനങ്ങളിൽ അംഗൻവാടി വർക്കറെ സഹായിക്കണം.

സെക്ഷൻ ഓഫീസർ